LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

165 (8225) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഐ.റ്റി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടെ ഒരുക്കേണ്ടതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ ആഭിമുഖ്യത്തിൽ സർക്കാർ ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിക്കേഷൻ നേടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) സർക്കാർ ഐ.ടി.ഐ.-കളിലെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിശീലനം മെച്ചപ്പെടുത്തുന്നതിനും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നത് വഴി ലക്ഷ്യം വയ്ക്കുന്നു.

(സി) ഇതുസംബന്ധിച്ച പഠനം പൂർത്തിയായതിനുശേഷം മാത്രമേ വ്യക്തമായ വിവരം ലഭ്യമാവുകയുള്ളൂ.

(ഡി) കേരളത്തിലെ എല്ലാ ഐ.ടി.ഐ.-കളുടെയും നിലവാരം വിലയിരുത്തി നവീകരിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഐ.ടി.ഐ.-കളെ ഉയർത്തുന്നതിനുംവേണ്ടി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഐ.ടി.ഐ.-കളിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനും ഒരു കൺസൾട്ടന്റിനെ കണ്ടെത്തുന്നതിലേക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.